## നടപടിത്തീർപ്പ്

ഡി ഒ ആർ- തൃശ്ശൂർ-ജീവനക്കാര്യം-ശ്രീ മുജീബ് എം. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത്- അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ

നം.ഇഎ2/1735/2020/ഡിഇആർ

സിവിൽ സ്റ്റേഷൻ,അയ്യന്തോൾ,
തൃശ്ശൂർ - 680003
ഫോൺ 0487 2361339
ഇമെയിൽ :ecostattsr@gmail.com
തിയതി : 06/05/2022

---

സൂചന:
1. 27/05/2000 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.245/2000/പ്ലാനിംഗ്
2. 01/07/2005 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.212/2005/പ്ലാനിംഗ്
3. 30/07/2010 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.266/2010/ആ.സാ.വ.
4. 17/12/2015 ലെ സർക്കാർ ഉത്തരവ്(ആർ.റ്റി) നം.538/2015/ ആ.സാ.വ.
5. ഈ ഓഫീസിലെ 21/04/2021 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ
6. ഈ ഓഫീസിലെ 01/04/2022 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ശ്രീ മുജീബ് എം. എന്ന താങ്കൾക്ക് തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II (പൂർവ്വ നാമം - എൽ.ഡി.ഇൻവെസ്റ്റിഗേറ്റർ) തസ്തികയിൽ ജോലിയിലിരിക്കെ സൂചന (1), (2), (3) ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A അനുസരിച്ച് മൂന്നു ഘട്ടങ്ങളിലായി 15 വർഷക്കാലം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. സൂചന (4) പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി ഇനി ഒരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിൽ 01/06/2015 മുതൽ 31/05/2020 വരെ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. താങ്കൾ 01/06/2020 ന് തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ താങ്കളുടെ പേരിൽ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ. പാർട്ട് I അനുബന്ധം XII A പ്രകാരവും താങ്കളുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയായി കണക്കാക്കി ആയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് സൂചന (5) പ്രകാരം ഈ വകുപ്പിൽ നിന്നും താങ്കളുടെ പേരിൽ ലഭ്യമായ പ്രാദേശികവിലാസത്തിലും ഇമെയിൽ മുഖേനയും കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും അയച്ചിരുന്നു. ആയത് മേൽവിലാസക്കാരൻ "ഇന്ത്യക്ക് പുറത്താണ്" എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ അനുബന്ധം എച്ച് 4 നോട്ടീസ് വകുപ്പുതല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതു സംബന്ധിച്ച വിവരം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ 23/02/2022 ലെ ടൈംസ് കേരള, സമദർശി തുടങ്ങിയ ദിനപത്രങ്ങളിലും 24/02/2022 ന് സിറാജ്, ദീപിക, ചന്ദ്രിക, തേജസ്സ്, ജന്മഭൂമി തുടങ്ങിയ ദിനപത്രങ്ങളിലും 23/2/2022 ന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(മറുപുറം)